# പതിമൂന്നാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :611 09/07/13-ൽ മറുപടിക്ക്

## ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധി സഹായത്തോടെ സംസ്ഥാനത്ത് ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി,ഭവന നിർമ്മാണ പദ്ധതി പ്രകാരം തീരദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു. വീടൊന്നിന് 2 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതികൾ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കി വരുന്നു. മുൻ വർഷങ്ങളിൽ $35m^2$ വിസ്തൃതിയിലുള്ള വീട് നിർമ്മിക്കുന്നതിന് 50,000/- രൂപയാണ് ധനസഹായം നൽകിയിരുന്നത്. ഭവന നിർമ്മാണ സാമഗ്രികളുടെ വിലയും, തൊഴിലാളികളുടെ കൂലിച്ചെലവും വർദ്ധിച്ചതു കാരണം ഈ തുക അപര്യാപ്തമാണെന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ നിന്ന് പരാതികൾ ലഭിച്ചതു പ്രകാരം 2012-13 സാമ്പത്തിക വർഷം മുതൽ പ്രസ്തുത തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ആദ്യഗഡുവായി 50,000/- രൂപ, എഗ്രിമെന്റ് വയ്ക്കുമ്പോഴും,രണ്ടാം ഗഡുവായി 75,000/- രൂപ ബേസ്മെന്റിന്റെ പണി പൂർത്തിയാകുമ്പോഴും, മൂന്നാം ഗഡുവായ 75,000/- രൂപ കോൺക്രീറ്റ് പണിതീർന്ന് വീട് വാസയോഗ്യമാകുമ്പോഴും നല്കുന്നു. 2012-13 വർഷത്തിൽ 800 വീടുകൾ നിർമ്മിക്കുന്നതിന് 14 കോടി രൂപയും 2013-14-ൽ ഈ പദ്ധതിക്കായി 12 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. 50% കേന്ദ്രസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പത്രപരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽ യോഗ്യരായ അപേക്ഷരുടെ പട്ടിക തയ്യാറാക്കുകയും |

ആദ്യപടിയായി ചെയ്യുന്നു. പ്രസ്തുത പട്ടികയിൽ നിന്നും ജില്ലാ കളക്ടർ ചെയർമാനും, ജില്ലാതല ഫിഷറീസ് ആഫീസർമാർ കൺവീനറായും മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ.മാർ, എം.പി.മാർ എന്നിവർ അംഗങ്ങളുമായ ഒരു ജില്ലാതല ബെനിഫിഷറി സെലക്ഷൻ കമ്മിറ്റി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെ ടുക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കുള്ള ധനസഹായത്തിന്റെ കേന്ദ്ര - സംസ്ഥാന വിഹിതം എപ്രകാരമെന്ന് അറിയിക്കുമോ;

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായത്തോടെ (50% കേന്ദ്രാവിഷ്കൃത പദ്ധതി)യാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിരുന്നത്. ഈ പദ്ധതിയിൽ ഒരു വീടിന് 50,000/- രൂപയാണ് കേന്ദ്രസർക്കാർ യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 50% ആയ 25,000/- രൂപ കേന്ദ്രവിഹിതമായി നല്കുന്നു. എന്നാൽ 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100% സബ്സിഡിയായും നൽകുന്നു. ഇത് പ്രകാരം ഒരു വീടിന് സംസ്ഥാന ഗവൺമെന്റ് 1.75 ലക്ഷം രൂപയും കേന്ദ്രസർക്കാർ 25,000/- രൂപയും നൽകുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം ഇപ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

(സി) നടപ്പു സാമ്പത്തിക വർഷം ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തി 800 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ